# ലോക ജൈവവൈവിധ്യദിനം ആചരിച്ചു



ലോക ജൈവവൈവിധ്യദിനം പ്രമാണിച്ച് എൻവിസ് കേന്ദ്രത്തിൽ ബോധവത്കരണ പോസ്റ്റർ പുറത്തിറക്കിയപ്പോൾ

**കോയമ്പത്തൂർ** ▸ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫോറസ്റ്റ് ജനിറ്റിക്സ് ആൻഡ് ട്രീ ബ്രീഡിങ്ങിലെ എൻവിസ് കേന്ദ്രത്തിൽ ലോക ജൈവവൈവിധ്യദിനം ആചരിച്ചു. ഐക്യരാഷ്ട്ര സഭ നിർദേശിച്ച 'നമ്മുടെ ജൈവവൈവിധ്യം-നമ്മുടെ ആഹാരം-നമ്മുടെ ആഹാരം' എന്നവിഷയത്തിൽ ബോധവത്കരണ പോസ്റ്റർ പുറത്തിറക്കി.

ഡയറക്ടർ ഡോ. മോഹിത് ഗീര, ജൈവവൈവിധ്യ വിഭാഗം തലവൻ ഡോ. ബി. നാഗരാജൻ, സീനിയർ പ്രിൻസിപ്പൽ സയൻറിസ്റ്റും എൻവിസ് കോ-ഓർഡിനേറ്ററുമായ ഡോ. കണ്ണൻവാര്യർ എന്നിവർ പ്രസംഗിച്ചു. ബോട്ടാണിക്കൽ ഉദ്യാനത്തിൽ ശാസ്ത്രജ്ഞരും ഗവേഷണവിദ്യാർഥികളും വിവിധതരം വൃക്ഷത്തൈകൾ നട്ടു. ജൈവവൈവിധ്യ പ്രതിജ്ഞയും ചൊല്ലി. ഇതുസംബന്ധിച്ച് വിദ്യാർഥികൾക്ക് ലഘുലേഖകൾ വിതരണംചെയ്തു.